നം.സി2/5154/2014/ഡി.റ്റി.ഇ.

സാങ്കേതിക വിദ്യാഭ്യാസ
ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം,
തീയതി: 20 .06.2015.

# സർക്കുലർ

വിഷയം:- സാങ്കേതികം - വിദ്യാഭ്യാസം- പോളിടെക്നിക്ക് വിദ്യാർത്ഥികളുടെ സ്ഥാപനമാറ്റം - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:-
1. സർക്കാർ ഉത്തരവ് നം: ജി ഒ.(ആർ.റ്റി) 654/03/ഉവിവ (എൽ) തീയതി 12.05.2003.
2. സർക്കാർ ഉത്തരവ് നം: ജി ഒ (ആർ.റ്റി) 845/04/ഉവിവ (എൽ) 24.06.2004.
3. സർക്കുലർ നം: സി2/5154/14 തീയതി 10.02.2014/ഡിറ്റിഇ, തിരുവനന്തപുരം.
4. സർക്കുലർ നം: സി2/21833/14 തീയതി 23.06.2014/ഡിറ്റിഇ, തിരുനന്തപുരം.

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സർക്കാർ, എയ്ഡഡ് പോളിടെക്നിക്ക് കോളേജുകളിലെ രണ്ടും മൂന്നും സെമസ്റ്റർ ഡിപ്ലോമാ കോഴ്സിന് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്ഥാപന മാറ്റ നിർവ്വഹണം ബന്ധപ്പെട്ട പോളിടെക്നിക്ക് കോളേജുകളിലെ പ്രിൻസിപ്പാൾമാർ നിശ്ചിത അപേക്ഷകളും രേഖകളും പരസ്പരം കൈമാറിയ ശേഷം റാങ്ക്/ഇൻഡക്സ് മെറിറ്റ്, എന്നിവ പൂർണ്ണമായും പാലിച്ച് നിലവിലുള്ള ഒഴിവുകളുടെയും വ്യവസ്ഥകളുടെയും അടിസ്ഥാനത്തിൽ സ്ഥാപനമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ടതും പ്രസ്തുത ഉത്തരവിന്റെ പകർപ്പ് സാങ്കേതിക വിദ്യാഭ്യാസ കാര്യാലയത്തിലും പരീക്ഷാ വിഭാഗം ജോയിന്റ് കൺട്രോളറുടെ കാര്യാലയത്തിലും നൽകേണ്ടതാണ്. നാലാം സെമസ്റ്റർ മുതൽ ആറാം സെമസ്റ്റർ വരെയുള്ള വിദ്യാർത്ഥികളുടെ സ്ഥാപനമാറ്റം സംബന്ധിച്ച അപേക്ഷ സ്ഥാപനമേധാവികൾക്ക് യഥാസമയം നൽകേണ്ടതും പ്രസ്തുത അപേക്ഷ സൂക്ഷ്മമായി പരിശോധിച്ച് റാങ്ക്/മെറിറ്റ്, അഡ്മിഷൻ ലഭിച്ചത് പ്രത്യേക ക്വാട്ടയിലാണെങ്കിൽ ആയതും വ്യക്തമായി രേഖപ്പെടുത്തി സ്ഥാപനമേധാവിയുടെ പരാമർശം ഉൾക്കൊള്ളുന്ന ആമുഖ കത്തോടുകൂടി സാങ്കേതിക വിദ്യാഭ്യാസ കാര്യാലയത്തിൽ അയയ്ക്കേണ്ടതും പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സാങ്കേതിക വിദ്യാഭ്യാസ കാര്യാലയത്തിൽ നിന്നും അർഹതയുടെ അടിസ്ഥാനത്തിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതുമാണ്. മൂന്നാം സെമസ്റ്റർ സ്ഥാപനമാറ്റവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയായിരിക്കേണ്ട അവസാന തീയതി 25.07.2015 ആണ്. എന്നാൽ തുടർന്നു വരുന്ന അദ്ധ്യയനവർഷങ്ങളിൽ സ്ഥാപനമാറ്റവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും ജൂൺമാസം 20ന് മുൻപായി പൂർത്തീകരിച്ചിരിക്കേണ്ടതാണ്.

ഒപ്പ്/-
റ്റി. സാമുവേൽ മാത്യൂ
സീനിയർ ജോയിന്റ് ഡയറക്ടർ (പിഎസ്)

ഉത്തരവിൻ പ്രകാരം / അയയ്ക്കുന്നത്

സൂപ്രണ്ട്

പകർപ്പ്
1. സ്ഥാപന മേധാവി,
   പോളിടെക്നിക്ക് കോളേജുകൾ
2. ജോയിന്റ് കൺട്രോളർ ഓഫ് ടെക്നിക്കൽ എക്സാമിനേഷൻസ്
   കൈമനം, തിരുവനന്തപുരം